"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് - പോലീസ് വകുപ്പ് - പോലീസ് കൺട്രോൾ റൂമിന് അനുവദിച്ചിട്ടുള്ള ഡിപ്പാർട്ട്മെന്റ് വാഹനം - KL01 CF 2560 (Mahindra Tuv 300) -2022-23 സാമ്പത്തിക വർഷത്തിൽ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന്-വാർഷികപരിധി അധികരിച്ച് തുക ചെലവാക്കിയ നടപടി - സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.3312/2024/HOME തീയതി,തിരുവനന്തപുരം, 12-11-2024

---

പരാമർശം:- സംസ്ഥാന പോലീസ് മേധാവിയുടെ 14.02.2023, 27.05.2024 തീയതികളിലെ ആർ3-202833/2022/പി.എച്ച്.ക്യു നമ്പർ കത്തുകൾ.

**ഉത്തരവ്**

തിരുവനന്തപുരം സിറ്റി പോലീസ് യൂണിറ്റിന്റെ കീഴിൽ പോലീസ് കൺട്രോൾ റൂമിനായി അനുവദിച്ചിട്ടുള്ള ഡിപ്പാർട്ട്മെന്റ് വാഹനമായ KL01 CF 2560 (Mahindra TUV 300) 2022-23 കാലയളവിൽ ഏറെ തവണ ഓഫ് റോഡ് ആകുന്ന സ്ഥിതിയുണ്ടായിട്ടുണ്ടെന്നും, ബഹു. കേരള മുഖ്യമന്ത്രിയുടെ ഡ്യൂട്ടിക്കും, ടി വാഹനം നിർവഹിച്ചു വന്നിരുന്ന മറ്റു ഡ്യൂട്ടികൾക്കും പകരം അനുവദിക്കാൻ വാഹനം ലഭ്യമല്ലാതിരുന്നതിനാലും പലപ്പോഴും അടിയന്തിരമായി പ്രസ്തുത വാഹനം ഓൺ റോഡ് ആക്കേണ്ട സ്ഥിതിയായിരുന്നുവെന്നും, ആയതിനാൽ ടി കാലയളവിൽ വാഹനത്തിന്റെ റിപ്പയർ വർക്കുകൾ പൂർത്തീകരിച്ച ഇനത്തിലുള്ള ബില്ലുകൾ എല്ലാം ലഭിച്ചു കഴിഞ്ഞപ്പോൾ ആകെ റിപ്പയർ തുക ഒരു ലക്ഷം രൂപ അധികരിച്ചിട്ടുള്ളതാണെന്നും പരാമർശിത കത്ത് പ്രകാരം സംസ്ഥാന പോലീസ് മേധാവി അറിയിച്ചിരുന്നു. ആയതിനാൽ പ്രസ്തുത വാഹനത്തിന്റെ അറ്റകുറ്റപ്പണികൾക്കായി 2022-23 സാമ്പത്തിക വർഷത്തിൽ വാർഷികപരിധി അധികരിച്ച് ചെലവായിട്ടുള്ള 4,932/- രൂപയ്ക്ക് സാധൂകരണം നൽകണമെന്നും സംസ്ഥാന പോലീസ് മേധാവി അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ കത്തിലെ വിശദാംശങ്ങളുടെയും ബന്ധപ്പെട്ട രേഖകളുടെയും അടിസ്ഥാനത്തിൽ, തിരുവനന്തപുരം സിറ്റി പോലീസ് യൂണിറ്റിന്റെ കീഴിലുള്ള KL01 CF 2560 (Mahindra TUV 300) വാഹനത്തിന്റെ അറ്റകുറ്റപ്പണികൾക്കായി 2022-23 സാമ്പത്തിക വർഷത്തിൽ വാർഷികപരിധിക്ക് പുറമേ 4,932/- രൂപ (നാലായിരത്തി തൊള്ളായിരത്തി മുപ്പത്തി രണ്ട് രൂപ മാത്രം) ചെലവാക്കിയ നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജികുമാർ ജി
അണ്ടർ സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം. (അപേക്ഷയോടൊപ്പം ലഭ്യമാക്കിയ എല്ലാ രേഖകളും സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (30.10.2024 ലെ വ്യയം-എ3/146/2023-ധന (2397885) പ്രകാരം).
ഡയറക്ടർ, ഐ & പിആർഡി (വെബ് & ന്യൂ മീഡിയ).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Jalaja Kumari M S
Date: 12-11-2024 11:52:04
സെക്ഷൻ ഓഫീസർ